(ഉത്തരം പറഞ്ഞില്ല)

ശ്രീ. വി. സി. കബീർ : സർ, മന്ത്രിസഭയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേറിരിക്കുന്ന കാലഘട്ടത്തിൽ ആൻറണിയുമായി കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേയ്ക്ക് ഹെലികോപ്റ്ററിൽ യാത്ര നടത്തി. അതിനുശേഷം പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിന്. മുഖ്യമന്ത്രി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു.

ശ്രീ. ബേബി ജോൺ : സർ, ബഹുമാനപ്പെട്ട കരുണാകരന് മാത്രമേ ഇങ്ങനെയൊരു മറുപടി പറയാൻ സാധിക്കുകയുള്ളു. കൊച്ചി വിമാനത്താവളത്തിൽ വച്ചും മറ്റ് പല സന്ദർഭങ്ങളിലും ഈ ഗവൺമെൻറിനെ ഇങ്ങനെ പോകാൻ അനുവദിക്കുകയില്ല, ഇതിന് എന്തെങ്കിലും ഒരു തീരുമാനം വേണം എന്ന് അദ്ദേഹം പറഞ്ഞു. ശനിയാഴ്ചയ്ക്കകം തീരുമാനമെടുക്കുമെന്ന് ഒടുവിൽ പറഞ്ഞു. ഇങ്ങനെ പല സന്ദർഭങ്ങളിലായി ഈ ഗവൺമെൻറിനെ ഇങ്ങനെ തുടരാൻ അനുവദിക്കുകയില്ലെന്നും വകുപ്പ് മാറ്റത്തോടുകൂടി മാത്രമേ തുടരാൻ സാധിക്കുകയുള്ളുവെന്നും പറഞ്ഞിട്ട് ഇപ്പോഴും പറയുന്നു അങ്ങനെ പറഞ്ഞിട്ടില്ലായെന്ന്. അത് പത്രങ്ങളിലെല്ലാം വന്നതാണ്. പത്രക്കാർക്ക് വന്ന തെറ്റാണോ അതോ അങ്ങ് പറഞ്ഞത് അവർ തെറ്റിദ്ധരിച്ച് എഴുതിയതാണോയെന്ന് വ്യക്തമാക്കണം.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ ഭരണമുന്നണിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങളും ഞങ്ങളും ആലോചിച്ച് ശനിയാഴ്ചയ്ക്കു മുൻപ് തീരുമാനം പത്രങ്ങളെ അറിയിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളും തീരുമാനിക്കാനുള്ള നടപടികളും ഞങ്ങളും സ്വീകരിച്ചു കൊള്ളാം.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത

* 4 [5] ശ്രീ. രമേശ് ചെന്നിത്തല :

,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കപ്പെടുന്ന ക്ഷാമബത്ത റൊക്കം പണമായി തന്നെ നൽകാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്ത അതേ അവസരങ്ങളിൽ തന്നെ സംസ്ഥാന ജീവനക്കാർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാന ഗവൺമെൻറിൻെറ കാലാകാലങ്ങളിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ചേ ഇക്കാര്യത്തിൽ നടപടി സാദ്ധ്യമാകുകയുള്ളു.

(ബി) കേന്ദ്ര ഗവൺമെൻറ് ക്ഷാമബത്ത നൽകുന്ന തീയതി മുതൽക്കു തന്നെ സംസ്ഥാന ജീവനക്കാർക്കും അതു നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാമബത്തയെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് ലഭിച്ചു കഴിഞ്ഞ് സംസ്ഥാന ഗവൺമെന്റ് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതിന് കുറച്ചു കാലതാമസം വരാറുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, സംസ്ഥാനത്തെ പെൻഷൻകാരുടെ കുടിശ്ശിക ക്ഷാമബത്ത ഇപ്പോൾ പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തുകയാണ്. അത് റൊക്കമായിട്ട് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : പ്രോവിഡന്റ്ഫണ്ടിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ അത് അവർക്ക് എടുക്കാവുന്നതാണ്. അത് ക്യാഷ് ആയിട്ട് കൊടുക്കുന്നതുപോലെ തന്നെയാണ്. അരിയേഴ്സിനെ സംബന്ധിച്ചു മാത്രമാണ് ചില ഘട്ടങ്ങളിൽ പ്രോവിഡന്റ് ഫണ്ടിലേക്ക് നീക്കിവയ്ക്കുന്നത്. ആ നടപടി ഇനിയും തുടരേണ്ടതായിട്ട് വരുകയില്ല എന്നു പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. എ. സി. ജോസ് : സംസ്ഥാന ജീവനക്കാർക്ക് ക്ഷാമബത്ത കൊടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ സ്വാഭാവികമായും സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. ധനകാര്യകമ്മീഷൻ ആ കാര്യത്തെക്കുറിച്ച് പരിപൂർണ്ണമായി കണക്കിലെടുത്തിട്ടില്ല എന്ന ആക്ഷേപം ഉള്ളതുകൊണ്ട് ക്ഷാമബത്ത കൊടുക്കുന്നതിന് വരുന്ന ബാദ്ധ്യതകൾ പൂർണ്ണമായി നിർവഹിക്കുന്നതിന് ധനക്കാര്യകമ്മീഷനുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ സഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ക്ഷാമബത്ത വർദ്ധിപ്പിച്ചു കൊടുക്കേണ്ടി വരുന്നതുകൊണ്ടുള്ള ബാദ്ധ്യത മുഴുവൻ സ്റ്റേറ്റിന് ഏറെടുക്കാൻ പ്രയാസമാണെന്നുള്ള കാര്യം സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ സംവിധാനമുണ്ടാക്കണമെന്നു പറഞ്ഞിട്ടുണ്ട്. സർക്കാരിയാ കമ്മീഷന്റെ പ്രവർത്തനത്തിൽ ഇത് പരിഗണിക്കുമെന്ന് കരുതുന്നു.

ആരോഗ്യവകുപ്പിലെ സ്ഥലംമാറ്റം

* 5. [6] ശ്രീ. പി. സീതിഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ആരോഗ്യവകുപ്പിൽ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നുണ്ടോ ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ആകെ എത്ര ഡോക്ടർമാർ സ്ഥലംമാറ്റം നൽകിയ സ്ഥലത്ത് ജോലിക്ക് ഹാജരാകാതെയിരിക്കുന്നുണ്ട് ;

(സി) നാട്ടിൻപുറങ്ങളിലെ പല പി. എച്ച്. സെന്ററുകളിലും ഡോക്ടർമാർ ഇല്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ആ സ്ഥലങ്ങളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly